പ്രതികരണം

മെഹർ നൗഷാദ് കൊണ്ടോട്ടി

# കുത്തക ‘വോഡഫോൺ’ മാത്രമോ?

*പ്രബോധനം* കവർസ്റ്റോറി ‘കേരളത്തെ വിഴുങ്ങുന്ന മൊബൈൽ സാമ്രാജ്യത്വം’(ജൂൺ 20) ചിന്തോദ്ദീപകമാണ്. മൊബൈൽ എന്നല്ല, ആധുനിക ജീവിതത്തിന്റെ എല്ലാ സംവിധാനങ്ങളും വളരെ പെട്ടെന്ന് സ്വാധീനം നേടുന്ന ഒരു സമൂഹമാണ് കേരളത്തിലേത്. ലേഖകൻ ഉൾക്കൊള്ളുന്ന സമൂഹവും ഒട്ടും പിറകിലല്ല.

ലേഖകന്റെ ആശയത്തോട് യോജിച്ചുകൊണ്ടുതന്നെ പറയട്ടെ, അദ്ദേഹം കാര്യങ്ങൾ പൂർണമായി പറഞ്ഞില്ലെന്ന് മാത്രമല്ല ചിലതെങ്കിലും അർധസത്യങ്ങളാണുതാനും. സമയത്തിനും സൗകര്യത്തിനും മുന്തിയ പരിഗണന കൽപിക്കുന്ന ആധുനിക കാലഘട്ടത്തിൽ, സർക്കാർ സംവിധാനങ്ങളുടെ ഇഴഞ്ഞുപോക്കിൽ ബി.എസ്.എൻ.എൽ പോലെ മുന്തിയ സംവിധാനങ്ങളുള്ള സർക്കാർ സംരംഭങ്ങൾ പിന്തള്ളപ്പെടാൻ കാരണമായിട്ടുണ്ടെന്ന യാഥാർഥ്യം ആർക്കാണ് നിഷേധിക്കാനാവുക. പ്രവർത്തനങ്ങൾ മറ്റുള്ളവയെ അപേക്ഷിച്ച് സുതാര്യമാണെങ്കിലും ഇന്നും ഒരു ബി.എസ്.എൻ.എൽ കണക്ഷൻ കിട്ടുകയെന്നത് അത്രയൊന്നും എളുപ്പമുള്ള കാര്യമല്ല. ഈയുള്ളവൻ ഒരു ലാന്റ് ഫോണിനായി ഏജന്റുവഴി(സ്വകാര്യ മേഖലയോട് മത്സരിക്കാൻ ഏർപ്പെടുത്തിയ സംവിധാനം) അപേക്ഷിച്ചിട്ട് ഏതാണ്ട് മൂന്നുമാസം കഴിഞ്ഞതിനു ശേഷമാണ് കിട്ടിയത്. ലഭിച്ചപ്പോൾ ‘വയർലെസ്.’ സംസാരിച്ചാൽ വ്യക്തമായി കേൾക്കില്ല, പുറത്തുനിന്ന് ആരെങ്കിലും വിളിച്ചാൽ എപ്പോഴും ഔട്ട് ഓഫ് റെയ്ഞ്ച്. വയർലെസ് മാറ്റി കേബിളാക്കിത്തരാം എന്ന വാഗ്ദാനം നൽകിയ ലൈൻമാൻ അവസാനം കൈമലർത്തി. കൃത്യമായി ഉപയോഗിക്കാൻ കഴിയാതിരുന്നിട്ടും ബില്ല് മുറക്ക് തന്നെ കിട്ടി. അവസാനം ഫോൺ കെട്ടിപ്പെറുക്കി തിരിച്ചുകൊടുക്കേണ്ടിവന്നു. എത്രയോ പേർക്ക് ഫോൺ പ്രവർത്തിക്കാത്തതിന്റെ കാരണം തിരക്കി എക്സ്ചേഞ്ച് കയറിയിറങ്ങേണ്ടിവരുന്നു. ഇത്തരം ആളുകൾ സ്വകാര്യമേഖലയെ ഉപയോഗപ്പെടുത്തിയാൽ അവരെ കുറ്റപ്പെടുത്തുന്നതിലെന്തു ന്യായം?

ബി.എസ്.എൻ.എൽ ഒഴികെ സമാനമായ സേവനം നൽകുന്ന എല്ലാ കമ്പനികളും കുത്തകകളാണെന്നിരിക്കെ ‘വോഡഫോൺ’ മാത്രം പരാമർശിച്ചു മറ്റുള്ളവയെ ‘വെറുതെ’ വിട്ടുകളഞ്ഞതിൽ മറ്റെന്തെങ്കിലും താൽപര്യമുണ്ടോ? അതോ അവ വിശുദ്ധപശുക്കളായതിനാലാണോ? ചില്ലറ വ്യാപാര രംഗം കൈയടക്കാൻ പുറപ്പെട്ട റിലയൻസ് ആരാണ്? ആദിത്യ ബിർലയുടെ ‘ഐഡിയ’യെക്കുറിച്ച് എന്താണഭിപ്രായം? യു.എസ്-ഇസ്രയേൽ കുത്തക കമ്പനിയായ വാൾമാർട്ടുമായി ചേർന്ന് കുറുകച്ചവടം നടത്തുന്ന, ഇസ്രയേലിൽ പോലും സാന്നിധ്യമുള്ള ഭാരതി എന്റർപ്രൈസസിന്റെ ‘എയർടെല്ലി’നെക്കുറിച്ച് എന്തു പറയുന്നു? സിംഗൂരിലെ പാവങ്ങൾ കൊല്ലപ്പെടാനിടയായ കാർഫാക്ടറിയുടമ ടാറ്റയുടെ മൊബൈലോ? ഇവരിൽ ആരാണ് കുത്തകയല്ലാത്തത്? ബി.എസ്.എൻ.എൽ തന്നെ നൂറ് ശതമാനം സർക്കാർ നിയന്ത്രിത കമ്പനിയല്ല എന്ന് അറിയാത്തവർ ആരാണുള്ളത്? ഹിന്ദുസ്ഥാൻ ലിവറിലും കൊക്കൊക്കോളയിലും ജോലി ചെയ്തിരുന്ന സഞ്ജീവ് ഗുപ്ത അതിന്റെ ഡയറക്ടർ ആയതെങ്ങനെ? ‘ഉപയോഗിക്കുന്ന ഹാന്റ് സെറ്റുകൾ സാമ്രാജ്യത്വ ഉൽപന്നമാണ്. അത് വർജിക്കാൻ ആവില്ല എന്നത് നേര്’ എന്നു പറഞ്ഞതും ശരിയല്ല. ‘നോക്കിയ’ക്ക് ബദലായി നിരവധി ഹാന്റ് സെറ്റുകൾ മാർക്കറ്റിൽ ലഭ്യമാണല്ലോ? എല്ലാവരും ‘നോക്കിയ’ ഉപയോഗിക്കുന്നതുകൊണ്ടല്ലേ അവർ കുത്തകയാവുന്നത്?

‘കേരളത്തിലെ ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങളെ ഒന്നാകെ വരിചേർക്കാനുള്ള ശ്രമം’ നടത്തുന്നത് വോഡഫോൺ മാത്രമാണെന്നത് എവിടന്ന് കിട്ടിയ അറിവാണ്? ബി.എസ്.എൻ.എൽ അടക്കം എല്ലാ കമ്പനികളും അത് ചെയ്യുന്നുണ്ട്. സ്വകാര്യ കമ്പനികൾക്ക് ഭേദപ്പെട്ട മാർക്കറ്റിംഗ് നെറ്റ്‌വർക്ക് ഉള്ളതുകൊണ്ട് വ്യക്തികളും സ്ഥാപനങ്ങളും പെട്ടെന്ന് അകപ്പെടുന്നു എന്നു മാത്രം. വ്യക്തികളും സ്ഥാപനങ്ങളും താരതമ്യേന സുതാര്യമായിട്ടുകൂടി ബി.എസ്.എൻ.എല്ലിനെ വിട്ട് ഇതര കമ്പനികളിലേക്ക് നീങ്ങാൻ കാരണം പലതുണ്ട്. അതിൽ പ്രധാനം സേവനത്തിലെ പോരായ്മ തന്നെയാണ്. സ്വകാര്യ കമ്പനികൾ ഓഫീസിലോ വീട്ടുപടിക്കലോ ലഭ്യമാക്കുമ്പോൾ ആളുകളെ എങ്ങനെ തടഞ്ഞുനിർത്തും? മൊബൈൽ ജ്വരം തന്നെ നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്നിരിക്കെ ബി.എസ്.എൻ.എല്ലോ ‘വോഡഫോൺ’ ഇതര കമ്പനികളോ ആയാൽ നല്ലത് എന്നതാണ് ലേഖനം വായിക്കുന്നവർക്ക് കിട്ടുന്ന സന്ദേശം.

വ്യക്തമായ ബദൽ ഇല്ലാത്തേടത്തോളം ബി.എസ്.എൻ.എൽ സേവനം മാത്രമേ ഉപയോഗപ്പെടുത്താവൂ എന്ന് ശഠിക്കുന്നത് മണ്ടത്തരമാണ്. അൽപമെങ്കിലും അവരുടെ കണ്ണ് തുറപ്പിച്ചതും ഉപഭോക്താക്കളോട് മാന്യമായി പെരുമാറാൻ പഠിപ്പിച്ചതും സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റം തന്നെയാണ്. എല്ലാമുണ്ടായിട്ടും ബി.എസ്.എൻ.എൽ കിതക്കുന്നതെന്തുകൊണ്ട്? നൂറുകണക്കിന് കണക്ഷനുകളാണ് ഓരോ വർഷവും അവർക്ക് നഷ്ടമാവുന്നത്. സ്വകാര്യമേഖല കരുത്താർജിക്കുമ്പോഴും പ്രവർത്തനശൈലി മാറാത്തതെന്ത് എന്ന ചോദ്യത്തിന്, കമ്പനിയായെങ്കിലും പഴയ ജീവനക്കാർ മാറ്റം ഉൾക്കൊള്ളുന്നില്ല എന്ന് നിസ്സഹായനായി കൈമലർത്തുകയാണ് ഒരു ഉദ്യോഗസ്ഥൻ ചെയ്തത്. മുറക്ക് ശമ്പളം കിട്ടുമ്പോൾ എന്തിനു മാറ്റം?! ■